# Prayer Service - St. Kuriakose Elias Chavara

സ്നേഹത്തിന്റെ അരൂപി നിറഞ്ഞുനിൽക്കുന്ന ഈ കർമ്മലയിൽ, ദൈവത്തിന്റെ കൂടാരം സ്ഥിതി ചെയ്യുന്ന ഈ ദേവാലയത്തിൽ ദൈവസാന്നിധ്യത്തിന്റെ മാധുര്യം ആസ്വദിച്ച് നമുക്ക് ശാന്തരാകാം..

(ഗാനം:- അമ്മതൻ മാറിൽ)

ആർഷഭാരതം... വൈവിധ്യമാർന്ന സന്യാസജീവിതശൈലിക്ക് സാക്ഷ്യം വഹിക്കുന്ന പുണ്യഭൂമി. മഞ്ഞുമൂടിയ ഹിമാലയസാനുക്കളിലും പ്രശാന്തസുന്ദരമായ സിന്ധു - ഗംഗാ തടങ്ങളിലും ഭക്തി - ജ്ഞാനയോഗികളും ഈശ്വരാന്വേഷികളുമായി കഴിയുന്ന ഋഷിവര്യർ ഭാരതീയജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഒരു അവിഭാജ്യ ഘടകമാണ്. ആർഷഭാരതത്തിൽ യുഗങ്ങളായി മുഴങ്ങിക്കൊണ്ടിരിക്കുന്ന സർവ്വസംഗപരിത്യാഗികളായ ഋഷിവര്യൻമാരുടെ പ്രാർത്ഥനാമന്ത്രങ്ങൾ നമ്മുടെ കാതുകളിലും മുഴങ്ങിക്കേൾക്കുന്നു.....

"സൂത്രേ മണിഗണാ ഇവാ: മയാ പ്രോക്തം ഇദം സർവ്വം."

(നൂലിൽ മണികൾ കോർത്തിരിക്കുന്നതുപോലെ എല്ലാം എന്നിൽ കോർക്കപ്പെട്ടിരിക്കുന്നു. സർവ്വചരാചരങ്ങളിലും അന്തർയാമിയായി ഈശ്വരൻ കളിയാടുന്നു.)

'ഈ പുണ്യഭൂമിയിൽ ഇങ്ങനെയൊരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ജന്മം നമ്മുടെ ജൻമമായിരുന്നു.' സ്വജീവിതത്തെ നിഷ്കാമ കർമ്മം കൊണ്ടും കർമ്മത്തെ ഈശ്വരോപാസന കൊണ്ടും ധന്യമാക്കിയ പുണ്യാത്മാവ് ... വി. ചാവറയച്ചൻ.

ചാവറയച്ചനെക്കുറിച്ച് കവി ഒ. എൻ. വി. കുറുപ്പ് ഇപ്രകാരം പാടി

'ജ്ഞാനത്തിൻ ഭാസുര ദീപം നീ<br>
ജ്ഞാനന്ദ പാദവില്ലാ ഭാഷയും നീ<br>
വിണ്ണിലെ ദേവപ്രകാശത്തെ മഴവില്ലായ്<br>
മണ്ണിൽ വിരിച്ചൊരു താരകവും നീ'

മിഴികളിൽ വിശുദ്ധിയുടെ പൊൻതിളക്കവുമായവർ നോക്കുമ്പോൾ ഉണ-ക്കമരം പൂക്കും. മരുഭൂമിയിൽ അവർ കാലുകുത്തുമ്പോൾ അത മലർവാടിയാകും.

അയിത്തവും ജാതിവ്യവസ്ഥയും കേരളത്തിന്റെ സാംസ്കാരിക പാരമ്പ-ര്യത്തെ കാൽച്ചുവിലങ്ങിലാക്കിയ 19-ാം നൂറ്റാണ്ടിൽ സമൂഹത്തിന്റെ ഹൃദയവ്യഥയും കേരളസഭയുടെ ദീനരോദനങ്ങളും തിരിച്ചറിഞ്ഞ് ഈ മരുഭൂമിയെ തന്റെ പ്രാർത്ഥനകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മലർവാടിയാക്കി. അദ്ദേഹം കരമുയർത്തി വാഴ്ത്തിയതൊക്കെ ദിവ്യ കൃപയുടെ മഴപെയ്യിക്കുകയായി. (ഗാനം :- നൻമകൾ നല്കും നല്ല പിതാവേ)

ദൈവത്തിന്റെ വിരലുകൾ കൊണ്ട് ലോകത്തെ അടയാളപ്പെടുത്തി വിശുദ്ധിയുടെ നടപ്പിലേക്കുയർന്ന ഈ കർമ്മയോഗിയുടെ ജീവിതത്തിലൂടെ പ്രാർത്ഥനയോടെ നമുക്കു കടന്നുപോകാം...

കായലുകൾ അതിരുതീർക്കുന്ന കരഭൂമി... കൈനകരി എന്ന കുട്ടനാടൻ ഗ്രാമം... ഇവിടെ 1805 February 10-ന് ആ വിശുദ്ധസൂനം ഈ ഭൂമിയിൽ വിരിഞ്ഞു. മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും നാട്ടുകാരുടെയും കണ്ണിലുണ്ണിയായി കൊച്ചു കുര്യാക്കോസായി ആ ശിശു വളർന്നുവന്നു.

(ഗാനം :- തങ്കക്കുടമായ കൺമണി)

വൈദികനാകുക എന്ന ആഗ്രഹം കുഞ്ഞുനാളിലേ കൊച്ചു കുര്യാക്കോസിൽ തളിരിട്ടിരുന്നു. പ്രതിസന്ധികളെ മറികടന്ന്, പ്രതികൂലങ്ങളെ അതിജീവിച്ച് അദ്ദേഹം 1829 നവംബർ 29-ന് പൗരോഹിത്യം സ്വീകരിച്ചു.

ഈ സമയം നമ്മുടെ ഹൃദയങ്ങളും ഈശോയുടെ സന്നിധിയിലേക്ക് നീട്ടിപ്പിടിക്കാം. ജീവിതത്തിലെ ഏതനുഭവത്തിലും ചാവറയച്ചനെ ശക്തിപ്പെടുത്തിയ സങ്കീർത്തനവചനം നമുക്കൊരുമിച്ച് ആവർത്തിക്കാം... (3 പ്രാവശ്യം വചനം പറയുന്നു)

"കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും" Ps: 16/5

ഈശോമയം

ജീവിതപ്രതിസന്ധികളിൽ തളർന്ന് വീഴുമ്പോൾ ഞങ്ങളുടെ ഏക അഭയവും ആശ്രയവും ഈശോ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് വി. ചാവറയച്ചനോടൊപ്പം ഞങ്ങളും ഏറ്റുപാടുന്നു. 'എന്നും എന്റെ ജീവിതത്തിന് സാന്ത്വനമായി എനിക്കെന്റെ ഈശോ മതി...' (ഗാനം :- എനിക്കെന്റെ ഈശോ മതി)

ജീവിച്ചിരുന്നപ്പോൾ തന്നെ ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും തിരികൾ തെളിയിച്ച നമ്മുടെ ചാവറയച്ചൻ തിരുസഭയ്ക്കും കേരളസഭയ്ക്കും നൽകിയ അതുല്യസംഭാവനകൾ നിരവധിയാണ്. ദർശനഭവനം, പള്ളികൾ തോറും പള്ളിക്കൂടങ്ങൾ, ഉപവിശാല, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, കുടുംബചട്ടങ്ങൾ എഴുതിയ ചാവരുൾ, മതഗ്രന്ഥങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി പ്രസ്സ്, ഇടവകയിലെ ധ്യാനപ്രസംഗങ്ങൾ, ഞായറാഴ്ചപ്രസംഗങ്ങൾ, പിടിയരി പ്രസ്ഥാനം, നമസ്കാരപുസ്തകം, 40മണി ആരാധന, തിരുക്കുടുംബഭക്തി, തിരുക്കുടുംബത്തിന്റെ പ്രചരണം, മരണവീട്ടിൽ പാടുന്ന പാന, ഒരു നല്ല അപ്പന്റെ ചാവരുൾ, സുറിയാനി പഞ്ചാംഗം, ജ്ഞാനസ്നാനവസ്ത്രം, ദിവ്യബലിയുടെ നമസ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും, ധാരാളം ആത്മീയകൃതികൾ, CMI - CMC സന്യാസസഭകളുടെ സ്ഥാപനം --- ഇങ്ങനെ ഒരു ഹ്രസ്വായുസ്സിൽ അദ്ദേഹം സഭയ്ക്കുവേണ്ടി ചെയ്തതോർക്കുമ്പോൾ അതിശയം തോന്നും. സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ചാവറയച്ചന്റെ തിരുസഭാസ്നേഹത്തെക്കുറിച്ച് ആദ്യ കർമ്മലീത്താസഭാംഗങ്ങൾ ഇപ്രകാരം എഴുതുന്നു.

'ഈ നമ്മുടെ പിതാവ് കേരളനാട്ടിലുള്ള ക്രിസ്ത്യാനികൾക്കൊക്കെയും എത്രയും നല്ല ദീപവും കണ്ണാടിയുമായിരുന്നു. കൂടാതെ, പരി. പള്ളിയുടെ വിശ്വാസത്തെയും വർത്തിപ്പിനെയും കുറിച്ചുള്ള തീക്ഷ്ണതയാലെരിഞ്ഞ് ഈ തിരുസഭയെ താങ്ങാൻ തക്ക തൂണുപോലെയായിരുന്നു അദ്ദേഹം ---'

താപസശ്രേഷ്ഠൻ, സന്യാസസഭകളുടെ സ്ഥാപകൻ, സഭാധികാരി, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം ചിരപ്രതിഷ്ഠ നേടിയ ഈ വിശുദ്ധാത്മാവിന് അതിനുള്ള ശക്തി ലഭിച്ചത് ദിവ്യകാരുണ്യത്തിൽ നിന്നായിരുന്നു. ബാല്യം മുതൽ തന്റെ മരണം വരെയും അദ്ദേഹത്തിൽ ആത്മമൂലമായിരുന്നതാണ് ഈ ഭക്തിയുടെ ചിറകുകൾ. ജീവിതത്തിന്റെ സർവ്വസ്വവുമായി ദിവ്യനാഥനെ കാണുന്ന അദ്ദേഹം പാടുന്നതിങ്ങനെയാണ് -

(മമ പിതാവു നീയേ ...)

ദൈവമേ, ഞാനൊന്നുമല്ല, എനിക്കൊന്നുമില്ല .... ഈ ഗാനാലാപത്തോടെ അല്പസമയം നമുക്കവിടുത്തെ സന്നിധിയിൽ കണ്ണുകളടയ്ക്കാം. ഒന്നും പകരം ചോദിക്കാതെ സ്നേഹിക്കുന്ന ഈ ദിവ്യകാരുണ്യത്തിലേക്ക് ജീവിതത്തിന്റെ പ്രതീകമെന്നോണം നമ്മുടെ ശൂന്യമായ കരങ്ങളെ തുറന്ന യാചനാരൂപത്തിൽ പിടിക്കാം. ഒരമ്മയുടെ പാൽ കുടിച്ച് വളർന്നതിൽ വണ്ണമുള്ള പട്ടാംഗമായ സ്നേഹത്തോടെ നമുക്കൊരുമിച്ച് ദിവ്യകാരുണ്യ ഈശോയെ സ്തുതിക്കാം.

(സ്തുതിപ്പ് -- ദിവ്യകാരുണ്യമായ് നാഥനണയുമ്പോൾ)

നമ്മൾ CMC തനയർക്ക് ഹൃദയാനന്ദത്തിന്റെ പൊൻസുദിനമാണ്. നമ്മുടെ നല്ല അപ്പന്റെ തിരുനാൾ നാം സാഘോഷം കൊണ്ടാടുമ്പോൾ അപ്പന്റെ പുണ്യമൊഴികളെ നമുക്കേറ്റുവാങ്ങാം..

(കൂടയിൽ വച്ചിരിക്കുന്ന വി. ചാവറയച്ചന്റെ പുണ്യവചനങ്ങൾ എടുക്കുന്നു)

(ഗാനം :- നന്മകൾ നൽകും, പുണ്യധീരനാം)
അകമഴിഞ്ഞുള്ളൊരു

ഈ സമയം നമ്മുടെ ഹൃദയത്തിലുയരുന്ന പ്രാർത്ഥനകളെ വി. ചാവറയച്ചന്റെ മാധ്യസ്ഥ്യം വഴിയായി ഈശോയ്ക്ക് സമർപ്പിച്ചുകൊണ്ട് കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് പ്രത്യുത്തരിക്കാം.

(കാനോന്യൂസ് ...)

## സമാപന പ്രാർത്ഥന

"മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപൈതങ്ങളായി വളർന്നുവരുന്നതിനും ഒരു കന്യാസ്ത്രീമഠം" എന്ന നമ്മുടെ ചാവറയച്ചന്റെ സ്വപ്നസാക്ഷാത്കാരം നമ്മൾ CMC തനയരിലൂടെ ഫലം ചൂടിക്കൊണ്ടിരിക്കുന്നു. 18 രൂപയുടെ ആസ്തികൊണ്ട് ചാവറയച്ചൻ രൂപം നൽകിയ CMC ഇന്ന് വളർന്ന് പടർന്ന് പന്തലിച്ച് ലോകം മുഴുവൻ പ്രഭ തൂകി നിൽക്കുന്നു.

"ഹാ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജ്ഞികളെ, നിങ്ങൾ കരേറിയിരിക്കുന്ന അന്തഃസ്ഥ എന്തെയോ ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ." നമ്മുടെ സ്ഥാപകപിതാവിന്റെ ഈ വാക്കുകൾ നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവാൻ, സ്ഥാപകചൈതന്യം ഉൾക്കൊണ്ട് ജീവിച്ച് കുറവറ്റ ഒരു CMC കന്യകയായി ജീവിക്കുവാൻ, ദൈവജനത്തിന്റെ ആവശ്യങ്ങളിലേക്കിറങ്ങിച്ചെന്ന് ലോകത്തിന്റെ പ്രകാശമാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതുതന്നെയാകട്ടെ നമ്മുടെ നല്ല പിതാവിന് നാം കൊടുക്കുന്ന തിരുനാൾ സമ്മാനം. "നന്മയുടെ സ്മരണ അനശ്വരമാണ്." പരമ നന്മയായ ദൈവത്തെ പ്രീതിപ്പെടുത്തി ജീവിച്ച വി. ചാവറയച്ചനോടു ചേർന്ന് നമുക്ക് അവിടുത്തെ നന്ദിയോടെ പാടിപ്പുകഴ്ത്താം.

(ഗാനം:- എല്ലാമെല്ലാം ദാനമല്ലേ)

# പ്രാർത്ഥനാശുശ്രൂഷ - വി. ചാവറപിതാവ് (6)

(ആരാധനാഗീതം)

"കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അതിമനോഹരമായ ദാനമാണ് എനിക്ക് അളന്നുകിട്ടിയിരിക്കുന്നത്. വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു". ദൈവത്തെ തന്റെ സർവ്വവും അവകാശമായി കരുതിയ ശ്രേഷ്ഠനായവന്റെ ഈ മനോഭാവങ്ങൾ ജീവിതത്തിന്റെ എല്ലാ അനുഭവ-ങ്ങളിലും കർത്താവും നാഥനുമായി കരുതിയ വി. ചാവറപിതാവിന്റെ പുണ്യജീവിതം ~~സ്മരണകൾ~~ അനുസ്മരിക്കുമ്പോൾ, പ്രിയ പിതാവിന്റെ മഹിമയുള്ള ജീവിതത്തിലും ചിന്തകളിലും, പ്രാർത്ഥനകളിലുമൊപ്പം ആയിരിക്കാൻ നമുക്ക് പരിശ്രമിക്കാം. നോവിപ്പിക്കുന്ന നൊമ്പരങ്ങൾ കൂടെ വന്നപ്പോഴും, ഉള്ളകങ്ങളിലെ ഉൾവെളിച്ചം ഉയിരേകും ഉണ്ണിക്ക് ഊട്ടികൊടുത്തവൻ. കർത്താവിന്റെ കൈകൾക്കൊപ്പം കരുതാൻ തന്നെത്തന്നെ വിട്ടുകൊടുത്തവൻ. കാലത്തിന്റെ കടന്നാക്രമണത്തിനെതിരെ നീങ്ങിയ ചെറുവള്ളം. മനസ്സിന്റെ നൈർമ്മല്യത്തിനൊപ്പം മാധുര്യവും ചേർന്ന ഈ യോഗിയുടെ പാദപത്മങ്ങൾക്കരികെ പ്രാർത്ഥനയോടെ നമുക്കായിരിക്കാം.

അന്ന് കേരള സഭയ്ക്ക് ചേർത്ത് വിദേശ മിഷനറിമാരുടെ ആഗമനത്തെ തുടർന്ന് അല്പം കഠിനം നേരിട്ട കാലം.

(കന്ദിരാലാപാ...)

1805 ഫെബ്രു 10-ാം തിയതി പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഭാഗ്യ നക്ഷത്രം ജാതനായി.

അമ്മ:- മോനേ കുര്യാക്കോസെ

ചാവറ:- എന്താ അമ്മേ

അമ്മ:- വാ, നമുക്ക് ഈശോയോട് പ്രാർത്ഥിക്കാം.

"പരം ജ്യോതിയേ ഈശോയെ വാഴ്ക
പാരിന്റെ പ്രകാശമേ ഈശോ ഈശോ" (ആവർത്തിച്ച് പാടുന്നു)

അമ്മയുടെ ശിക്ഷണത്തിന് കൊച്ചു ചാവറ നല്ല ദൈവത്തെ കുറിച്ച് അറിഞ്ഞു. പിന്നീട് സ്വന്ത സ്വർഗ്ഗമായ തന്റെ കുടുംബം അന്യം നിന്ന് പോകുന്നു എന്ന് കേട്ടപ്പോഴും ഒരു ഭാവഭേദവുമില്ലാതെ അൾത്താരയിൽ ചെയ്ത സമർപ്പണം തിരിച്ചെടുക്കാതിരുന്ന എന്ന

സഭയ്ക്ക് ലഭിച്ച 2 സന്യാസ പൂന്തോട്ടങ്ങളാണ് CMI, CMC എന്നീ സമൂഹങ്ങൾ. ക്രിസ്ത്യാനികളുടെ പരസ്യവ്യാപാരവും കണ്ടുപഠിക്കാനും സ്ഥിരമാക്കുവാനും ഉചിതമായ ഒരു സഭയ്ക്ക് വിശുദ്ധരെ വാർത്തെടുക്കുവാനും, സ്ത്രീ വർഗ്ഗങ്ങൾക്ക് ചികിത്സ ലഭിക്കുവാനും പിതാവിന്റെ മനസ്സിൽ മൊട്ടിട്ട സന്യാസ സ്വപ്നങ്ങൾ, പ്രിയ പിതാവേ, അങ്ങയാൽ സ്ഥാപിതമായ ഈ കർമ്മല പൂവാടിയിൽ വിടർന്ന് പുഷ്പിച്ച് വിശുദ്ധരാകാൻ അങ്ങയിലൂടെ ദൈവം ഞങ്ങളെയും തിരഞ്ഞെടുത്തതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

(അരങ്ങിലേയ്ക്ക്...)

താങ്കളുടെ ഏറ്റവും വലിയ കണ്ടുപിടുത്തം ഏതാണെന്ന ചോദ്യത്തിന് ശാസ്ത്രജ്ഞനായ സിംപ്സൺ ഇപ്രകാരം മറുപടി പറയുക ഉണ്ടായി. "എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം ഞാൻ പാപിയാണെന്നും ദൈവത്തിന്റെ കൃപയാൽ രക്ഷപെടാൻ കഴിയുമെന്നുള്ളതാണ്." തിരുവചനം ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു. "കർത്താവിനെ ഭയപ്പെടുന്നവർ ഹൃദയം ഒരുക്കിവയ്ക്കും. അവിടുത്തെ മുമ്പിൽ വിനീതനാവുകയും ചെയ്യും". വിശുദ്ധിയുടെ ഉന്നത സോപാനങ്ങളിൽ വിരാജിക്കുമ്പോഴും വിനയത്തോടെ ഞാൻ ഏറ്റവും വലിയ പാപിയാണെന്ന് ചാവറപിതാവ് എന്നും പറയുമായിരുന്നു.

"എന്റെ നാഥനും പിതാവുമായ ഈശോമിശിഹായുടെ വാക്കിന് വേണ്ടി എന്റെ മനസ്സ് അർപ്പിച്ചിരുന്നു. ദുഷ്ടനായ ഞാൻ എന്റെ ഇഷ്ടമെല്ലാം ഈ ലോകത്ത് വച്ച് ജീവിച്ച് മുഴുവനായി അവിടുത്തെ ആത്മ സമർപ്പണമാണ് ചെയ്തത്"

അത്ഭുതകരമായ ഈ അനുതാപത്തോടെയാണ്, സർവ്വ കൃപകളുടെയും ഉറവിടമായ ദിവ്യകാരുണ്യത്തിലേക്ക് ഉറ്റുനോക്കികൊണ്ട് പിതാവ് തന്റെ പാപ സങ്കീർത്തനം ഒരുക്കിയത്. നീണ്ട മണിക്കൂറുകൾ ധ്യാന നിരതനായി കണ്ണീരൊഴുക്കി കൊണ്ട് നിന്ന ചാവറപിതാവ് ദിവ്യകാരുണ്യത്തിന്റെ സന്നിധിയിൽ നിന്ന് അനുഭവം പാനം ഉത്തമന്റെ ധ്യാനത്തിൽ ആ ദിവ്യകാരുണ്യത്തെ ഇപ്രകാരം പാടുമായിരുന്നു.

കാരുണ്യനാഥനാം ദൈവത്തിന്റെ
അരുണ്യശോഭയെ കാണേണമേ 121
കാരുണ്യവാരിധി അയനാൻ ഓമന
കാരണം പാപി നിനക്കുവാനായ്
മാനുഷ നില വിലയി ധരിച്ചോരു
മാനുഷ്യ ജാതിയെ കാണേണമേ

നല്ലോരിടയൻ ഞാനെന്നരുൾ ചെയ്ത
നല്ലിടയനെന്നും ഞാൻ ധ്യാനിക്കണം.
ഓമന മാതാവിൻ കൈകളിൽ നൽകിയ
അലോഹാ ചിത്തനെ ധ്യാനിക്കണം
കീഴുള്ള ദാസനാം എന്നെയൊരുക്കുന്നവൻ
കീഴ്പ്പെട്ടവർക്ക് പിതാവിനെ പോൽ
കീഴ്ത്തരമായ വസ്തുവിനെ ക്ഷമിക്കുവാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ ധ്യാനിക്കണം (കാരുണ്യ സ്ഥാനം)

"സൂര്യന്റെ കാർമ്മികമായി അത്ഭുതം ഒഴുകുന്ന നാമങ്ങളിലൂടെ ചാവറ യാത്രി വരുവാനും ഇപ്പോൾ ചെയ്യുന്നു" എന്നാണ് മനോഹരമായ ആശയം സാധ്യം. ജീവിതം മുഴുവൻ അവരോടുള്ള ഭക്തിയിലും സ്നേഹത്തിലും വളർന്ന് ഒരുവന് മാതൃക നൽകിയ പിതാവ്. "കർത്താവേ ഇതാ എന്റെ ഹൃദയം തരുന്നു. നിന്നെയും ഇഷ്ടമുള്ള ഭാര്യയായ എന്റെ ദൈവമാതാവിന്റെ തിരുവടിയെ എന്റെ ഹൃദയത്തിൽ ഞാൻ വെച്ചിരിക്കുന്നു" ഇതിൽ നിറയുന്നു ഉള്ളിലിരിക്കണമേ".

മരിയ ഭക്തിയിൽ വളർന്ന് ധ്യാനവും കർമ്മവും സമന്വയിപ്പിച്ച ഈ ധ്യാനകർമ്മയോഗി 'കേരള സഭയിലെ പ്രേഷിതാനി-ചരിത്രത്താളിലെ ഒരു നല്ല ദീപവും കുഞ്ഞാടിന്റെ ഓർമ്മയുമാണ്. തിരുസഭ ധ്യാനിച്ച് ഞാൻ നിരന്തരം തിരുസഭയോടുള്ള അഗാധമായ സ്നേഹത്താൽ കത്തിയെരിഞ്ഞ ഹൃദയവും. ആ ദർശന ശാലിയുടെ തിരുസഭാ സ്നേഹത്തിൽ നിന്ന് വിരിഞ്ഞ പല സംരംഭങ്ങളും നമ്മെ അത്ഭുതപ്പെടുത്തുന്നവയാണ്. ഈ പുണ്യപിതാവിന്റെ മാദ്ധ്യസ്ഥ സഹായം യാചിച്ചുകൊണ്ട് നമ്മുടെ വാഗ്ദാനങ്ങൾ അനുഗ്രഹങ്ങളെ തിരുസഭയിൽ സമർപ്പിക്കാം. ഉചിതമായ രീതിയിൽ ചാവറപിതാവിനെ ഉൾക്കൊണ്ട് ഭക്തി പ്രാർത്ഥിക്കാം.

(കാഴ്ചസമർപ്പണ പ്രാർത്ഥന)

വിശുദ്ധിയുള്ള ഒരാൾ വരുന്നുവെന്നിൽ കാൽവെക്കുമ്പോൾ വരുന്നുവി പൂക്കുന്നു. കേരളത്തിനഭിമാനമായൊരു അനുഭവമാണ് ചാവറയച്ചന്റെ ഈ നാമം സമ്മാനിച്ചത്. ഒടുവിൽ പ്രാർത്ഥനയ്ക്കു നടുവിൽ പരിശുദ്ധ പിതാവിനെ വരവേറ്റി. ദൈവാത്മാവ് ആ പാവനാത്മാവിനെ സ്വർഗ്ഗത്തിലേക്ക് ആനയിച്ചു:-

ചാവറ പിതാവ് :- ഞാൻ വഴിയറിയാതെ കിടക്കുകയല്ലേ. വഴി

ദൈവാത്മാവ് :- അത് വേണ്ട... ദാ! കൈ ഇങ്ങനെ നീട്ടൂ.

ചാവറ പിതാവ് :- എന്ത് സ്വർഗ്ഗങ്ങൾ.. വസന്തങ്ങൾ.. ഒരു സംഗീതം മേലേക്ക് പടരുന്നു.

ദൈവാത്മാവ് :- അത് നിന്നെയോർത്ത് ദൈവത്തെക്കുറിച്ച് പാടിയ ഗാനങ്ങളാണ്

ചാവറ പിതാവ് :- സുഗന്ധങ്ങൾ എന്റെ നേരെ ഒഴുകിവരുന്നു.

ദൈവാത്മാവ് :- അത് നീ വളർത്തിയവർക്ക് ചെയ്ത നന്മകളാണ്.

ചാവറ പിതാവ് :- വർണ്ണങ്ങളുടെ പ്രഭ

ദൈവാത്മാവ് :- അതിന്റെ തിരത്ത് നീന്തി നടക്കാനൊക്കെ. നിന്റെ സഹനങ്ങളാണത്.

കൂനമ്മാവ് കൊവേന്തയിൽ വച്ചാണ് പ്രിയോറച്ചന് വേണ്ടി കുർബാന അർപ്പിക്കപ്പെട്ടിരുന്നു. സമയം രാവിലെ 7.30. പ്രിയോറച്ചന്റെ മുറിയിൽ നിന്നും അച്ചന്മാർ പള്ളിയിലേക്കും കൊവേന്തയിലേക്കും ഓടി വന്നു, അവർ വിളിച്ചുകൊണ്ടിരുന്നു. പരിചിതമായ സ്വരങ്ങൾ പ്രിയോറച്ചനെ സ്നേഹത്തിന്റെ ലോകത്തിലേക്ക് കൊണ്ടുപോയി. പിതാവിന്റെ ചരമ ശയനത്തിൽ ~~കൈവരിക്കൽ~~ ~~ഒ~~ കൂനമ്മാവിൽ നിന്നുയർന്ന പ്രാർത്ഥനാ ശബ്ദങ്ങൾ മന്ത്രിച്ചിട്ട് ഇത് ലോകത്തിന്റെ പ്രകാശ വിളക്കുകൾ. തന്റെ അന്ത്യവചനത്തിൽ പിതാവ് ഇപ്രകാരം പറഞ്ഞു, "നമ്മുടെ സഭയിൽ പെട്ട തിരുസഭയുടെ അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ ഏൽപ്പിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധിവാസം നടത്തട്ടെ."

പിന്നെ പിതാവിന്റെ സ്വപ്നം നെഞ്ചിലേറ്റാൻ തീർത്ഥാടനമായ നാവും തിരുക്കുടുംബത്തോട് ചേർന്ന് പ്രാർത്ഥിച്ചു. പിതാവിനെ നമുക്ക് വിടനൽകാം. തീർത്ഥാടകർ ആകട്ടെ.

(നമുക്ക് നന്ദി ചൊല്ലാം പിതാവേ.)

Thank You